# കേരളസർവകലാശാല

നം.പി.ആർ.100 (a)/2023

## പത്രക്കുറിപ്പ്

### മെറിറ്റ് അവാർഡ്

സൗത്ത് സോൺ/ഓൾ ഇന്ത്യ അന്തർ സർവകലാശാല മത്സരങ്ങളിൽ കേരള സർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്കുള്ള 2021-22, ഖേലോ ഇന്ത്യ ഗെയിംസ് 2019-20 & 2021-22 അധ്യയന വർഷങ്ങളിലെ കേരള യൂണിവേഴ്സിറ്റി സ്പോർട്സ് സർട്ടിഫിക്കറ്റുകളുടെ വിതരണം 2023 മെയ് 20-ാം തീയതി കേരള സർവകലാശാല ബാസ്കറ്റ് ബോൾ കോർട്ടിൽ വച്ച് നടത്തി. അന്നേ ദിവസം സ്കോളർഷിപ്പ് തുക കൈപ്പറ്റാൻ കഴിയാത്ത സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ 2023 ജൂൺ 25-നകം നിർബന്ധമായും ഒറിജിനൽ ആധാർ കാർഡ്, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇവ സഹിതം ജി.വി. രാജാ പവിലിയനിൽ സ്ഥിതി ചെയ്യുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ഓഫീസിൽ നേരിട്ട് ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒറിജിനൽ ആധാർ കാർഡും, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പും, കായികതാരത്തിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അഥവാ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും, അധികാരപ്പെടുത്തിയ രേഖ എന്നിവ സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. നിശ്ചിത തീയതികൾക്കുള്ളിൽ കൈപ്പറ്റാത്ത സ്കോളർഷിപ്പ് തുക സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്.

**തിരുവനന്തപുരം,**
**22.05.2023**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**